റിവ്യൂ മീറ്റിംഗ് വർഷത്തിൽ രണ്ടുതവണ കൂടാറുണ്ട്. കേരളത്തിൽ രജിസ്റ്റർ ചെയ്ത മത്സ്യബന്ധന നൗകകൾ തിരിച്ചറിയുന്നതിന് കളർ കോഡിംഗ് സംവിധാനം ഏർപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) തീരദേശവാസികളുടെയും മത്സ്യബന്ധന തൊഴിലാളികളുടെയും സഹകരണവും നിരീക്ഷണവും ജാഗ്രതയും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിനായി കടലോര ജാഗ്രത സമിതികളും കായലോര ജാഗ്രത സമിതികളും രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി സമിതി അംഗങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

(സി) കടലോര ജാഗ്രതാ സമിതിയുമായി ബന്ധപ്പെട്ട് മത്സ്യബന്ധന തൊഴിലാളികൾക്കും തീരദേശവാസികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. സുരക്ഷാ സംബന്ധമായ അടിയന്തര സന്ദേശങ്ങൾ കൈമാറുവാൻ സമിതി അംഗങ്ങൾക്ക് സിം കാർഡുകളും റീചാർജ് സൗകര്യങ്ങളും ടോൾ ഫ്രീ നമ്പറുകളും നൽകിയിട്ടുണ്ട്.

ആധുനിക തിയേറ്റർ സമുച്ചയങ്ങൾ

21 (*471) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ ;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിനു നൽകുന്ന പ്രദേശങ്ങളിൽ ആധുനിക തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് പദ്ധതി കെ.എസ്.എഫ്.ഡി.സി.-യുടെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവാരമുള്ള സിനിമാസ്വാദന സംസ്കാരം സാധാരണക്കാരിൽ വളർത്തിയെടുക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഒന്നോ അതിലധികമോ സ്ക്രീനുകളുള്ള തിയേറ്ററുകളിൽ ടിക്കറ്റ് വരുമാനത്തിന് പുറമെ പരസ്യം, ക്യാന്റീൻ ഇനങ്ങളിലും വരുമാനം ലഭ്യമാകും. വിനോദ നികുതിയിനത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന് അധിക വരുമാനം ലഭ്യമാകും. കെ.എസ്.എഫ്.ഡി.സി.-യുടെ 11 തിയേറ്ററുകളിൽ സിനിമകൾ ചാർട്ടുചെയ്യുന്നതുപോലെ ടി തിയേറ്ററുകളിലും സിനിമകൾ ചാർട്ട് ചെയ്യും. ഇത്തരത്തിൽ തിയേറ്ററുകൾ സ്ഥാപിക്കപ്പെടുന്നതോടെ സംസ്ഥാനത്ത് സിനിമാ പ്രദർശനത്തിൽ സർക്കാരിന് മേധാവിത്വം കൈവരിക്കാനാകുകയും ഗുണനിലവാരമുള്ള സിനിമാ ആസ്വാദനം കുറഞ്ഞ ചെലവിൽ സാധാരണക്കാർക്ക് പ്രാപ്യമാകുകയും ചെയ്യും.

(സി&ഡി) പി.പി.പി. മാതൃകയിൽ ആവശ്യമായ ഭൂമി പാട്ടത്തിനു നൽകുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തിലാണ് കെ.എസ്.എഫ്.ഡി.സി. ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ താൽപ്പര്യമുള്ള പക്ഷം കെ.എസ്.എഫ്.ഡി.സി.-യെ സമീപിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. നാളിതുവരെ 6 തദ്ദേശ ഭരണ സ്ഥാപനങ്ങൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

സുരക്ഷിത സ്ത്രീയാത്രാ പദ്ധതി

22 (*472) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീ യാത്രാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly